

**പോൾ കല്ലാനോട്**

പ്രശസ്തനായ കാർട്ടൂണിസ്റ്റും ചിത്രകാരനും കവിയും. കൂടാതെ വർഷങ്ങളായി ചിത്രകലാധ്യാപകനായി പ്രവർത്തിച്ചുവരുന്നു.

# വരക്കാൻ പഠിക്കാം

## 7

ചുറ്റുപാടുമുള്ള ചെറുതും വലുതുമായ യഥാർത്ഥ വസ്തുക്കളെത്തന്നെ നോക്കി വരച്ച് പഠിക്കുന്നതാണ് നല്ല മാർഗമെന്ന് പറഞ്ഞുവല്ലോ. ഒരു വസ്തു തന്നെ പലകോണിൽ നിന്ന് നോക്കിക്കാണുമ്പോൾ വ്യത്യസ്ത രൂപങ്ങളായിരിക്കും. ചിത്രവും അപ്പോൾ വ്യത്യസ്തമാകും. എല്ലാ കോണുകളിൽ നിന്നും കണ്ടു വരച്ചാൽ അത് മനസ്സിൽ പതിയും. എപ്പോഴെങ്കിലും എവിടെയെങ്കിലും നമുക്കത് പ്രയോഗിക്കാൻ അവസരമുണ്ടാകും, തീർച്ച.

ശ്രദ്ധയുണ്ടാവേണ്ട മറ്റൊരു കാര്യമുണ്ട്. നീളവും വീതിയുമുള്ള ഒരിടത്താണ്, അത് കടലാസായാലും ക്യാൻവാസായാലും ചിത്രം





വരക്കുന്നത്. പ്രകൃതിയിലെ വസ്തുക്കൾക്കാവട്ടെ നീളവും വീതിയും മാത്രമല്ല, ഘനവുമുണ്ട്. ത്രീ ഡൈമെൻഷനൽ എന്നൊക്കെ പറയില്ലേ. അത് ചിത്രത്തിലുണ്ടാവില്ല. എന്നാൽ ശിൽപത്തിൽ അതുണ്ടാക്കാം.

ഘനത്തിന്റെ കൂടി പ്രതീതിയുണ്ടാക്കാനാണ് നാം ഷെയ്ഡ് ചെയ്യുന്നത്. അത് മറ്റൊരിടത്ത് വിശദീകരിക്കാം. ഷെയ്ഡ് ചെയ്യാതെ തന്നെ അതുണ്ടാക്കാൻ കഴിയുന്നവരാണ് നല്ല ഡ്രോയിംഗ് വിദഗ്ധർ. അവരുടെ രേഖാ ചിത്രങ്ങളിലും ഘനമുള്ളതായ തോന്നലുണ്ടാവും. നേരിട്ടു നോക്കി വരക്കുമ്പോൾ, ശീലിക്കുമ്പോൾ നിങ്ങൾക്കും ആ സാമർഥ്യം വരും.

സംഗീതക്കാർ നിത്യവും സാധകം ചെയ്യുന്നത് പോലെ ഒരു സ്കെച്ച് ബുക്കിൽ വരകൾ കൊണ്ട് ഒഴിവുസമയങ്ങളിലൊക്കെ എന്നും എന്തെങ്കിലുമൊക്കെ വരച്ചുകൊണ്ടിരുന്നാൽ വസ്തുപ്രകൃതിയുടെ ലോകം നമുക്കും എളുപ്പമായിത്തീരും. ശക്തിയുള്ള രേഖകൾ വരും. സ്കെച്ച് ബുക്ക് ആരെയും കാണിച്ച് പ്രശംസ നേടാനല്ല. നമ്മുടെ പഠനപദ്ധതിയാണത്.

മുമ്പു പറഞ്ഞതുപോലെ വീടിനകത്തു നാം സ്ഥിരമായി കാണുന്ന വസ്തുക്കൾ ആദ്യം വരക്കാം. പിന്നീടത് നമുക്ക് യോജിച്ച വിധം ഒന്നിലധികം വസ്തുക്കൾ പലതും ഒരു ഗ്രൂപ്പ് ആക്കിവെച്ച് നോക്കി വരക്കാം. കുപ്പിയും ഫ്ളാസ്കും ജഗ്ഗും ഗ്ലാസും അങ്ങനെ. അപ്പോൾ തമ്മിൽ തമ്മിൽ, അതായത് ഒന്നിനടുത്ത് മറ്റൊന്ന് വരുമ്പോഴുള്ള അളവിന്റെ പൊരുത്തം നോക്കേണ്ടി വരും. അനുപാതം തെറ്റരുതല്ലോ. കുപ്പിയെക്കാൾ വലിയ ഗ്ലാസ് പതിവില്ല. അതുകൂടി നോക്കണം പരസ്പര ബന്ധം. അത് നമ്മുടെ മനസ്സിന്റെ ഒരു കണക്കുകൊണ്ട് ചെയ്യാവുന്നതേയുള്ളൂ. ചെറിയൊരു ധൈര്യം.

പിന്നെ പഴങ്ങളും പച്ചക്കറികളും അങ്ങനെ വെയ്ക്കാം. എല്ലാം മനോധർമ്മം പോലെ.

ഇതൊക്കെ വീട്ടിനുള്ളിൽ തന്നെ. അതു കഴിഞ്ഞുവേണം ഔട്ട് ഡോർ സ്കെച്ചിംഗ് തുടങ്ങാൻ. വഴിയേ പറയാം, വാതിൽപ്പുറ ചിത്രരചനയെക്കുറിച്ച്.

വീട്ടിലുള്ള വസ്തുക്കളിൽ ചിലതാണ് ചിത്രങ്ങളിൽ. ആകൃതിയിലും വലുപ്പത്തിലും വ്യത്യാസമുള്ളത്. നിങ്ങൾക്കിഷ്ടമുള്ളവ അടുപ്പിച്ചു വെച്ച് ധൈര്യമായി വരക്കാം, ചിത്രം നോക്കാതെ. ഈ ചിത്രങ്ങൾ ഉദാഹരണം മാത്രം.

(ഇനി അടുത്ത പാഠം)